**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6357** **10-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ബസുകളുടെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എം.പി., എം.എൽ.എ., തദ്ദേശ ഫണ്ടുകൾ ഉടങ്ങിയവ ഉപയോഗിച്ച് വാങ്ങുന്ന സ്കൂൾ ബസുകളുടെ നടത്തിപ്പ് പൊതു വിദ്യാലയങ്ങൾക്ക് ബാധ്യതയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആവർത്തന പരിപാലന ചെലവുകൾ സ്വന്തമായി കണ്ടെത്തണമെന്ന നിബന്ധനയോടെയാണ് സ്കൂൾ ബസുകൾ അനുവദിക്കുകയെങ്കിലും ഇരട്ടിയായി വർദ്ധിച്ച ഇന്ധന ചെലവുകളും കോവിഡ് കാരണം നിർത്തിയിട്ടതിനാലുണ്ടായ അറ്റകുറ്റപണികൾക്കുമായി ഭാരിച്ച തുക പൊതു വിദ്യാലയങ്ങൾക്ക് കണ്ടെത്തേണ്ടതിനാൽ ഇതിനായി മെയിന്റനൻസ് ഗ്രാന്റ് മാതൃകയിൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രൊപ്പോസൽ ലഭ്യമാകുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്. |
| (സി) | പൊതു വിദ്യാലയങ്ങളുടെ വൈദ്യുതി ചാർജ്ജ് കൈമാറ്റം ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ വഹിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; അഭിപ്രായം അറിയിക്കാമോ; | (സി) | പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പൊതു വിദ്യാലയങ്ങളിലെ സ്കൂൾ ബസുകളുടെ നടത്തിപ്പിനും പരിപാലനത്തിനും ധനസമാഹരണത്തിനുമായി സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | (ഡി) | ഇല്ല. ഇത് സംബന്ധിക്കുന്ന പ്രൊപ്പോസൽ ലഭ്യമാകുന്നപക്ഷം ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ